കേരള സർക്കാർ

സംഗ്രഹം

കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ഉള്ള്യേരി ഗ്രാമ പഞ്ചായത്തിൽ ബസ് സ്റ്റാന്റിനോട് ചേർന്ന് വനിതാ കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ചത് -ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.32 - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2964/12/തസ്വഭവ. തിരുവനന്തപുരം, തീയതി:30.10.2012

പരാമർശം: 1. സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്-ന്റെ 29.5.12 -ലെ ഫി2-2215/10-ാം നമ്പർ കത്ത്.

2. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് തിരുവനന്തപുരത്തിന്റെ 24.9.12-ലെ LFPT3/16882/12-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2008-09 വർഷത്തിലെ 106/2009 നമ്പർ പ്രോജക്ടായി ഉള്ള്യേരി ഗ്രാമ പഞ്ചായത്തിൽ ബസ്സ്റ്റാന്റിനോട് ചേർന്ന് വനിതാ കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച പ്രവൃത്തിക്ക് ചെലവഴിച്ച 5,55,951/- രൂപ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.32 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ജില്ലാ പഞ്ചായത്തിന്റെ 25.4.12-ലെ 34/12(3) നമ്പർ തീരുമാന പ്രകാരം മേൽ പ്രവൃത്തിക്ക് തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1)-ലെ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (2) -ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്തിന്റെ 25.4.12-ലെ 34/12 (3) നമ്പർ തീരുമാനത്തിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.32 പ്രകാരം തടസ്സപ്പെടുത്തിയ ഉള്ള്യേരി ഗ്രാമ പഞ്ചായത്തിൽ ബസ്സ്റ്റാന്റിനോട് ചേർന്ന് വനിതാ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 5,55,951/- രൂപ ( അഞ്ച് ലക്ഷത്തി അൻപത്തയ്യായിരത്തി തൊള്ളായിരത്തി അൻപത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്,
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.